# പതിമൂന്നാം കേരളനിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2403** | **08/12/2015-ൽ മറുപടിക്ക്**

## ഐ.ടി. പാർക്കുകൾ

**ചോദ്യം**

**ശ്രീ. റ്റി. യു. കുരുവിള**

**മറുപടി**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | ഐ.ടി. വ്യവസായത്തിലെ സാദ്ധ്യതകൾ പരിഗണിച്ച് ഓരോ നിയോജക മണ്ഡലത്തിലും ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | എല്ലാ നിയോജകമണ്ഡലത്തിലും ഐ.ടി. പാർക്കുകൾ സ്ഥാപിക്കുകയെന്നത് പ്രായോഗികമല്ല. തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർ പാർക്ക് തുടങ്ങിയ പാർക്കുകളും, അവ കേന്ദ്രമാക്കി HUB and spoke മാതൃകയിൽ കുണ്ടറ, ചേർത്തല, കൊരട്ടി, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ ചെറുകിട ഐ.ടി. പാർക്കുകളും സ്ഥാപിച്ചു വരുന്നു. കൂടാതെ ഗ്രാമപ്രദേശങ്ങളിലേക്ക് ഐ.ടി രംഗം വ്യാപിപ്പിക്കുന്നതിനായി ടെക്നോലോഡ്ജ്, RITEL പാർക്കുകൾ എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | കോതമംഗലം കേന്ദ്രമാക്കിയുള്ള ഐ.ടി. അധിഷ്ഠിത കമ്പനികളുടെ പ്രവർത്തനം വിവരസാങ്കേതിക വകുപ്പിന് കീഴിൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | ഐ.ടി. മേഖലയിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന വരുമാനം ഇരട്ടിയായി വർദ്ധിപ്പിക്കുന്നതിന് ഒരു കർമ്മ പദ്ധതി നടപ്പാക്കുമോ? | (സി) | മികച്ച നിലവാരമുള്ള മാനവ വിഭവ ശേഷി, ഐ.റ്റി. വ്യവസായത്തിന് അത്യന്താപേക്ഷിതമായ അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാന സൗക ര്യങ്ങൾ ഇതിനോടനുബന്ധിച്ചുള്ള മറ്റ് അനുബന്ധ സാഹചര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് ഐ.റ്റി. മേഖലയിലെ വികസനത്തിനായി സംസ്ഥാന സർക്കാർ പുതിയ ഐ.റ്റി. നയം രൂപീ കരിച്ചിട്ടുണ്ട്. ഇത് ഐ.ടി. വികസനവും, ഐ.ടി. കയറ്റുമതിയും സാധ്യമാക്കുന്നതിന് സഹായിക്കുന്നു. പാർക്കുകളുടെ വിവിധ പദ്ധതികളിലായി നിലവി ലുള്ള ആഗോള നിലവാരമുള്ള ഐ.ടി. അടി സ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, കൂടു തൽ സൗകര്യങ്ങൾ സജ്ജീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതുമൂലം കൂടു തൽ ഐ.ടി. സംരംഭകരെ ആകർഷിക്കുവാനും അതുവഴി വരും വർഷങ്ങളിൽ കൂടുതൽ ഐ.ടി. കയറ്റുമതിയും വരുമാന വർദ്ധനവും സാധ്യമാകു |

| | | | |
|---|---|---|---|
| | | | ന്നതാണ്. കോഴിക്കോട് സൈബർപാർക്കിൽ 2.84 ലക്ഷം ച. അടി. വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ പണിയും, സ്മാർട്ട് സിറ്റിയുടെ 6.5 ലക്ഷം ച. അടി. വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ പണിയും പുരോഗമിച്ചുവരുന്നു. ഇത് പ്രവർത്തനക്ഷമമാകുന്നതോടെ ഇന്ത്യയുടെ മൊത്തം കയറ്റുമതി വിഹിതത്തിൽ സംസ്ഥാനത്തിന്റെ പങ്കാളിത്തം ഗണ്യമായി വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ